# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2710 19.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഭൂരഹിതർക്ക് ഭൂമി വിതരണം

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ വ്യക്തമാക്കാമോ; | കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015".** സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്ത് കൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഘട്ടം ഘട്ടമായി പദ്ധതി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽതന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകി വരുന്നത്. എന്നാൽ അപേക്ഷകരുടെ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽ നിന്നുള്ള ഭൂമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമല്ലാത്തതാണെന്ന് ബോദ്ധ്യമാകുന്ന കേസുകളിൽ അനുയോജ്യമായ ഭൂമി നൽകാനുള്ള നടപടികൾ എടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ സർക്കാർ ഭൂമിക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ ഭൂമികൾ ഏറ്റെടുത്തും, അനധികൃത കൈയ്യേറ്റങ്ങളുള്ള സർക്കാർ ഭൂമികൾ ഒഴിപ്പിച്ചെടുത്തും പദ്ധതിക്കനുയോജ്യമായ മുഴുവൻ ഭൂമിയും കണ്ടെത്തി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭ്യമായവരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3,181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 883 |
| ആലപ്പുഴ | 256 |
| കോട്ടയം | 1,309 |
| ഇടുക്കി | 8,561 |
| എറണാകുളം | 1,449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2,114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1,550 |
| വയനാട് | 727 |
| കണ്ണൂർ | 11,100 |
| കാസർഗോഡ് | 10,271 |
| ആകെ | 43,437 |

| | | |
|---|---|---|
| (സി) | ഇനി എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഇവർക്ക് എന്നത്തേക്ക് ഭൂമി വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ? | പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് വേണ്ടി 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും 43,437 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ 3 ജില്ലകളിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ഭൂമിനൽകിക്കൊണ്ട്, ടി 3 ജില്ലകളെ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. 2,00,491 ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകാനുണ്ട്. 01.02.2014 മുതൽ 31.03.2014 വരെ പദ്ധതിയിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ നിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**